(ഇ) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്ന് സംസ്ഥാന ഗവൺമെന്റിനോട് എന്തെങ്കിലും വിവരങ്ങളോ വിശദീകരണങ്ങളോ ആരാഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) കരിമണൽ ഖനന സാദ്ധ്യതകൾ സംബന്ധിച്ച് പഠനം നടത്തുന്നതിനും മറ്റുമായി സംസ്ഥാന ഗവൺമെന്റ് വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധമായി എടുത്തിട്ടുള്ള തീരുമാനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി തേടിക്കൊണ്ട് മിനിസ്ട്രി ഓഫ് മൈൻസിനാണ് എഴുതിയിട്ടുള്ളത്.

(ബി) ഖനന അനുമതിക്ക് യോഗ്യമെന്ന് കണ്ട അപേക്ഷകളിൽ 1957-ലെ എം. എം. ഡി. ആർ. ആക്ടിനനുസൃതമായി കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതി ലഭിക്കുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

(സി) 22-5-2003-ലാണ് കേന്ദ്ര സർക്കാരിന് എഴുതിയിട്ടുള്ളത്.

(ഡി) ഉണ്ട്. 9-6-2003-ൽ കേന്ദ്ര സർക്കാർ ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്.

(ഇ) ഇതിന് മറുപടി 16-7-2003-ൽ കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്.

(എഫ്) ഇല്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ അറ്റോമിക് എനർജി വകുപ്പിന്റെ കീഴിലുള്ള അറ്റോമിക് മിനറൽ ഡിവിഷൻ, വിഴിഞ്ഞം മുതൽ അഴീക്കോട് വരെയുള്ള 542 കി. മീ. കടൽത്തീരത്ത് പഠനം നടത്തുകയും കൊല്ലം ജില്ലയിലെ നീണ്ടകര മുതൽ ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി വരെയുള്ള കടൽത്തീരത്ത് 144 ദശലക്ഷം ടൺ ധാതുമണൽ നിക്ഷേപമുള്ളതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

പ്രിസ്ക്രൈബ്ഡ് സബ്സ്റ്റൻസ്

29 [5585] ശ്രീ. പി. ടി. തോമസ്:
,, എം. എ. ചന്ദ്രശേഖരൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എ. പി. അനിൽകുമാർ:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1962-ലെ ആണവോർജ്ജ ചട്ടപ്രകാരമുള്ള പ്രിസ്ക്രൈബ്ഡ് സബ്സ്റ്റൻസ് എന്തെല്ലാമെന്ന് പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയുടെ സമ്പാദനം, ഉല്പാദനം, കൈവശം വയ്ക്കൽ, ആദായം എടുക്കൽ, കയറ്റുമതി എന്നിവയ്ക്ക് കേന്ദ്ര ആണവോർജ്ജ വകുപ്പിന്റെ ലൈസൻസ് ആവശ്യമാണോ;

(സി) സംസ്ഥാനത്തുള്ള കരിമണലിൽ 1962-ലെ ആണവോർജ്ജ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള പ്രിസ്ക്രൈബ്ഡ് സബ്സ്റ്റൻസ് അടങ്ങിയിട്ടുണ്ടോ?

ഉത്തരം

(എ) മോണോസൈറ്റ്, ഇൽമനൈറ്റ്, റൂട്ടയിൽ, സിർക്കൺ, ലൂക്കോക്സിൻ, സിലിമനൈറ്റ് എന്നീ ധാതുക്കളും മറ്റ് ആണവശേഷിയുള്ള പദാർത്ഥങ്ങളും ആണവോർജ്ജ ചട്ടപ്രകാരമുള്ള പ്രിസ്ക്രൈബ്ഡ് സബ്സ്റ്റൻസ് ആകുന്നു.

(ബി) ആവശ്യമാണ്.

(സി) ഉണ്ട്.

കയർ കൈത്തറി ഡയറക്ടറേറ്റുകൾ വിപുലീകരിക്കാൻ നടപടി

30 [5586] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള പ്രത്യേക വകുപ്പുകളായ കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, കയർ വികസന ഡയറക്ടറേറ്റ് എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാരിന്റെ ഭരണ നവീകരണ പരിപാടിയിൽ എന്തൊക്കെ ശുപാർശകളാണുള്ളത്;

(ബി) ഈ ശുപാർശകളിൻമേൽ സർക്കാർ നയപരമായ തീരുമാനം എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) കയർ കൈത്തറി മേഖലയുടെ സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്താവുന്ന തരത്തിൽ ഡയറക്ടറേറ്റുകൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഭരണ നവീകരണ പരിപാടി (എം. ജി. പി.)യിൽ പ്രസ്തുത ശുപാർശകൾ ഒന്നും നൽകിയിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇപ്പോൾ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly